# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5203.

23-05-2017 ൽ മറുപടിയ്ക്ക്

## കാർഷികരംഗത്തെ വളർച്ചയ്ക്ക് മുൻസർക്കാർ നടത്തിയ പ്രവർത്തനങ്ങളും ചെലവാക്കിയ തുകയും

**ചോദ്യം**
ശ്രീ.പി.കെ. ശശി

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഭക്ഷ്യ സ്വയംപര്യാപ്തയും കാർഷിക രംഗത്തെ വളർച്ചയും ലക്ഷ്യമിട്ട 2006-2011 കാലഘട്ടത്തിൽ സർക്കാർ ആരംഭിച്ച നെൽകൃഷി വികസന പദ്ധതി, നാളികേര വികസനപദ്ധതി, ഹൈടെക്ക് കൃഷി, കുട്ടനാട്/ഇടുക്കി പാക്കേജുകൾ, വിള ഇൻഷ്വറൻസ് പദ്ധതി, കൃഷിക്കാർക്കായുള്ള സൗജന്യ വൈദ്യുതി പദ്ധതി, കർഷക പെൻഷൻ പദ്ധതി, നിറവ്, വയനാട് പാക്കേജ്, വിള ആരോഗ്യ പരിപാലന പദ്ധതി എന്നിവയുടെ നടത്തിപ്പുകൾക്കായി മുൻ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം; ചെലവാക്കിയ തുക എത്ര; വിശദാംശം നൽകുമോ; | (എ) | ഭക്ഷ്യ സ്വയംപര്യാപ്തതയും കാർഷിക രംഗത്തെ വളർച്ചയും ലക്ഷ്യമിട്ട 2006-2011 കാലഘട്ടത്തിൽ സർക്കാർ ആരംഭിച്ച നെൽകൃഷി വികസന പദ്ധതി, നാളികേര വികസനപദ്ധതി, ഹൈടെക്ക് കൃഷി കുട്ടനാട്/ഇടുക്കി പാക്കേജുകൾ, വിള ഇൻഷ്വറൻസ് പദ്ധതി, കൃഷിക്കാർക്കായുള്ള സൗജന്യ വൈദ്യുതി പദ്ധതി, കർഷക പെൻഷൻ പദ്ധതി, നിറവ്, വയനാട് പാക്കേജ്, വിള ആരോഗ്യ പരിപാലന പദ്ധതി എന്നിവയുടെ നടത്തിപ്പുകൾക്കായി മുൻ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ, ചെലവാക്കിയ തുക എന്നിവ സംബന്ധിച്ച വിശദമായ സ്റ്റേറ്റ്മെന്റ് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. |
| (ബി) | ഇതിൽ നിന്നും മുൻ സർക്കാർ നിർത്തലാക്കിയ പദ്ധതികൾ ഏതെല്ലാം; പുതുതായി തുടങ്ങിയ പദ്ധതികൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ; | (ബി) | (എ) പിരിവിൽ പരാമർശിച്ച പദ്ധതികളിൽ കുട്ടനാട് പാക്കേജ്, ഇടുക്കി പാക്കേജ് എന്നീ പദ്ധതികൾ കാലാവധി അവസാനിച്ചതിനാൽ നിർത്തലാക്കി.<br>നാളീകേര വികസനത്തിനായുള്ള സംസ്ഥാനാവിഷ്കൃത പദ്ധതിയായ "കേരശ്രീ" നിർത്തലാക്കുകയും 2014-15 മുതൽ സംസ്ഥാനാവിഷ്കൃത പദ്ധതിയായ "കേരഗ്രാമം" ആരംഭിക്കുകയും ചെയ്തു. 2009-10 ൽ ആരംഭിച്ച 'കിസാൻ അഭിമാൻ പെൻഷൻ പദ്ധതി |

| | | | |
|---|---|---|---|
| | | | നിർത്തലാക്കി പകരം ചെറുകിട നാമമാത്ര കർഷകർക്കുള്ള പദ്ധതി 2011-12 മുതൽ നടപ്പിലാക്കി.<br>**പുതുതായി തുടങ്ങിയ പദ്ധതികൾ**<br>1. ജൈവകൃഷി വ്യാപനവും സേഫ്-റ്റു ഈറ്റ് ഭക്ഷോല്പാദനവും.<br>2. അഗ്രോ സർവ്വീസ് സെന്ററും സേവനം നൽകലും.<br>3. നീര സംസ്കരണം. |
| (സി) | പ്രസ്തുത പദ്ധതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തി കാർഷികരംഗത്ത് വളർച്ച ലക്ഷ്യമിട്ട് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളും പുതുതായി തുടങ്ങാനുദ്ദേശിക്കുന്ന മറ്റു പദ്ധതികളും എന്തെല്ലാം എന്ന് വ്യക്തമാക്കുമോ? | (സി) | പുതുതായി ആരംഭിച്ച പദ്ധതികളായ ജൈവകൃഷി വ്യാപനവും സേഫ്-റ്റു-ഈറ്റ് ഭക്ഷോല്പാദനവും, അഗ്രോ സർവ്വീസ് സെന്ററും സേവനം നൽകലും, നീര സംസ്കരണം എന്നീ പദ്ധതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.<br>ഈ സർക്കാർ പുതുതായി തുടങ്ങുവാനുദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-I

ഭക്ഷ്യ സ്വയംപര്യാപ്തതയും കാർഷിക രംഗത്തെ വളർച്ചയും ലക്ഷ്യമിട്ട 2006-2011 കാലഘട്ടത്തിൽ മുൻ സർക്കാർ ആരംഭിച്ച പദ്ധതികളുടെ പ്രവർത്തനങ്ങൾ, ചെലവാക്കിയ തുക സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:-

### I. നെൽകൃഷി വികസന പദ്ധതി

| വർഷം | പദ്ധതി | ചെലവഴിച്ച തുക (ലക്ഷത്തിൽ ) | വിശദാംശങ്ങൾ |
|---|---|---|---|
| 2006-07 | 1) സുസ്ഥിര നെൽ കൃഷി വികസം | 1838.25 | 1.18 ലക്ഷം ഹെക്ടറിൽ നെൽ കൃഷി പദ്ധതികൾ നടപ്പിലാക്കി. ഉല്പാദനോപാധികളുടെ ചെലവ്, അടിസ്ഥാന സൗകര്യം ഒരുക്കൽ, കൃഷിക്കുള്ള സഹായം എന്നിവ നെൽ കർഷകർക്ക് ലഭ്യമാക്കി |
| | 2) മാക്രോ മാനേജ്മെന്റ് | 721.62 | |
| | 3) ഉൽപാദന ബോണസ് | 1021.02 | |
| | **ആകെ** | **3580.89** | |
| 2007-08 | 1) സുസ്ഥിര നെൽകൃഷി വികസനം | 1406.59 | 1.2 ലക്ഷം ഹെക്ടറിൽ നെൽ കൃഷി പദ്ധതികൾ നടപ്പിലാക്കി ഉല്പാദനോപാധികളുടെ ചെലവ്, അടിസ്ഥാന സൗകര്യം ഒരുക്കൽ, കൃഷിക്കുള്ള സഹായം എന്നിവ നെൽ കർഷകർക്ക് ലഭ്യമാക്കി |
| | 2) ഉൽപാദന ബോണസ് | 1053.07 | |
| | 3) മാക്രോമാനേജ്മെന്റ് | 999.08 | |
| | **ആകെ** | **3458.74** | |
| 2008-09 | 1) സുസ്ഥിര നെൽകൃഷി വികസനം | 1999.72 | 1.43 ലക്ഷം ഹെക്ടറിൽ നെൽ കൃഷി പദ്ധതികൾ നടപ്പിലാക്കി. ഉല്പാദനോപാധികളുടെ ചെലവ്, അടിസ്ഥാന സൗകര്യം ഒരുക്കൽ, കൃഷിക്കുള്ള സഹായം എന്നിവ നെൽ കർഷകർക്ക് ലഭ്യമാക്കി |
| | 2) മാക്രോ മാനേജ്മെന്റ് | 1219.86 | |
| | 3) ഉൽപാദന ബോണസ് | 1052.19 | |
| | **ആകെ** | **4271.77** | |
| 2009-10 | 1) സുസ്ഥിര നെൽകൃഷി വികസനം | 2288.70 | 1.1146 ലക്ഷം ഹെക്ടറിൽ നെൽ കൃഷി പദ്ധതികൾ നടപ്പിലാക്കി. ഉല്പാദനോപാധികളുടെ ചെലവ്, അടിസ്ഥാന സൗകര്യം ഒരുക്കൽ, കൃഷിക്കുള്ള സഹായം എന്നിവ നെൽ കർഷകർക്ക് ലഭ്യമാക്കി |
| | 2) മാക്രോ മാനേജ്മെന്റ് | 845.68 | |
| | 3) ഭക്ഷ്യ സുരക്ഷാ പദ്ധതി | 3592.29 | |
| | 4) ഉൽപാദന ബോണസ് | 934.2 | |
| | **ആകെ** | **7660.87** | |
| 2010-11 | 1) സുസ്ഥിര നെൽകൃഷി വികസനം | 2892.14 | 1.68 ലക്ഷം ഹെക്ടറിൽ നെൽ കൃഷി പദ്ധതികൾ നടപ്പിലാക്കി ഉല്പാദനോപാധികളുടെ ചെലവ്, |
| | 2) മാക്രോ മാനേജ്മെന്റ് | 674.65075 | |
| | 3) ഭക്ഷ്യ സുരക്ഷാ പദ്ധതി | 1498 | |

| | | | |
|---|---|---|---|
| | 4)RKVY | 3012 | അടിസ്ഥാന സൗകര്യം ഒരുക്കൽ, കൃഷിക്കുള്ള സഹായം എന്നിവ നെൽ കർഷകർക്ക് ലഭ്യമാക്കി |
| | 5)ഉൽപാദന ബോണസ് | 859.6 | |
| | **ആകെ** | **8936.39** | |

## II. നാളീകേര വികസന പദ്ധതി

### 1) വർഷം - 2006 - 2007

പദ്ധതി - (എ) നാളീകേര വികസന ബോർഡ് പദ്ധതി (കേന്ദ്രാവിഷ്കൃതം) ചിലവാക്കിയ തുക - 650.34 ലക്ഷം രൂപ.

പ്രവർത്തന വിശദാംശംങ്ങൾ

- 20,000 രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി തെങ്ങൊന്നിന് 250 രൂപ ധനസഹായം നൽകി.
- ഹെക്ടർ ഒന്നിന് 17,500/- രൂപ ധനസഹായ നിരക്കിൽ 1550 ഹെക്ടറിൽ 1-ാം വർഷ പ്രദർശന തോട്ടങ്ങൾ സ്ഥാപിച്ചു.
- ഹെക്ടർ ഒന്നിന് 17,500/- രൂപ ധനസഹായ നിരക്കിൽ 1424.9 ഹെക്ടറിൽ 2-ാം വർഷ പ്രദർശനതോട്ടങ്ങൾക്ക് പരിചരണത്തിനായി സഹായം നൽകി.
- 597 ജൈവവള യൂണിറ്റുകൾ സ്ഥാപിച്ചു.

(ബി) നാളീകേര വികസന പദ്ധതി (സംസ്ഥാനാവിഷ്കൃതം) ചിലവാക്കിയ തുക - 745.05 ലക്ഷം രൂപ.

പ്രവർത്തന വിശദാംശംങ്ങൾ

- 72.5 ലക്ഷം തെങ്ങുകൾക്ക് തെങ്ങൊന്നിന് 10 രൂപ സബ്സിഡിയിൽ രാസവളം വിതരണം ചെയ്തു.
- 200.5 ടൺ ജൈവവള വിത്തിന് ഒരു കിലോയ്ക്ക് 10 രൂപ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു.

### 2) വർഷം - 2007 - 2008

പദ്ധതി - (എ) നാളീകേര വികസന ബോർഡ് പദ്ധതി (കേന്ദ്രാവിഷ്കൃതം) ചിലവാക്കിയ തുക 904.62 ലക്ഷം രൂപ.

പ്രവർത്തന വിശദാംശംങ്ങൾ

- 25,000 രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി തെങ്ങൊന്നിന് 250 രൂപ ധനസഹായം നൽകി.
- ഹെക്ടർ ഒന്നിന് 17,500 രൂപ ധനസഹായ നിരക്കിൽ 3091 ഹെക്ടറിൽ 1-ാം വർഷ പ്രദർശന തോട്ടങ്ങൾ സ്ഥാപിച്ചു.
- ഹെക്ടർ ഒന്നിന് 17,500 രൂപ ധനസഹായ നിരക്കിൽ 1550 ഹെക്ടറിൽ 2-ാം വർഷ പ്രദർശന തോട്ടങ്ങൾ സ്ഥാപിച്ചു.
- 851 എണ്ണം ജൈവവള യൂണിറ്റുകൾ സ്ഥാപിച്ചു.

(ബി) കേരശ്രീ പദ്ധതി (സംസ്ഥാനാവിഷ്കൃതം)
ചിലവാക്കിയ തുക - 904.99 ലക്ഷം രൂപ.

പ്രവർത്തന വിശദാംശംങ്ങൾ

- 724 എണ്ണം കേര ഗ്രൂപ്പുകൾ രൂപീകരിച്ച് 18100 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കി 1,22,633 കർഷകർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്.
- പുതുതായി 275 ജലസേചന കിണർ നിർമ്മിക്കുകയും 2319 പമ്പ് സെറ്റുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

## 3) വർഷം 2008 – 2009

പദ്ധതി - (എ) നാളികേര വികസന ബോർഡ് പദ്ധതി (കേന്ദ്രാവിഷ്കൃതം)
ചിലവാക്കിയ തുക - 273.96 ലക്ഷം രൂപ.

പ്രവർത്തന വിശദാംശംങ്ങൾ

- 3091 ഹെക്ടർ വിസ്തൃതിയുള്ള പ്രദർശന തോട്ടത്തിന്റെ 2-ാം വർഷ പരിചരണത്തനായി 1436 ഹെക്ടറിൽ 273.96 ലക്ഷം രൂപ ചിലവഴിച്ചു.

(ബി) കേരശ്രീ പദ്ധതി (സംസ്ഥാനാവിഷ്കൃതം)
ചെലവാക്കിയ തുക - 1192.50 ലക്ഷം രൂപ.

- 2007 - 08 -ൽ രൂപീകരിച്ച 724 ക്ലസ്റ്ററുകൾക്ക് 2-ാം വർഷ ധനസഹായമായി 905 ലക്ഷം രൂപ ചെലവഴിച്ചു. 230 പുതിയ ക്ലസ്റ്ററുകൾ രൂപീകരിച്ച് 5750 ഹെക്ടർ സ്ഥലത്ത് പദ്ധതി നടത്തിയതിന് 287.50 ലക്ഷം രൂപ ചിലവഴിച്ചു.
- 23830 ഹെക്ടർ സ്ഥലത്ത് ഇപ്രകാരം രൂപീകരിച്ച 954 ക്ലസ്റ്ററുകൾ വഴി കേരശ്രീ പദ്ധതിയുടെ പ്രയോജനം 192364 കർഷകർക്ക് ലഭിച്ചു.
- 17067 ടൺ രാസവളം വിതരണം ചെയ്തു. 5303 ടൺ ജൈവവളവും, 380 ടൺ പച്ചില ചെടിയുടെ വിത്തും, 19387 പച്ചക്കറി പാക്കറ്റും, 17.18 ലക്ഷം വാഴക്കന്നുകളും, 10150 വേരു പിടിപ്പിച്ച കുരുമുളക് വള്ളികളും, 17.67 ടൺ പയർ വിത്തും, 160 തെങ്ങുകയറ്റ യന്ത്രങ്ങളും കർഷകർക്ക് വിതരണം നടത്തി, 413 കിണറുകൾ കഴിക്കുകയും, 2625 പമ്പുസെറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു. 50178 തെങ്ങുകൾ മുറിച്ചു മാറ്റുകയും, 10126 തെങ്ങിൻ തൈകൾ വിതരണം ചെയ്യുകയും ചെയ്തു 10362 ഹെക്ടർ സ്ഥലത്ത് ഇടവിള കൃഷി ചെയ്യുകയുമുണ്ടായി.

## 4) വർഷം 2009 - 2010

പദ്ധതി - (എ) നാളികേര വികസന ബോർഡ് പദ്ധതി (കേന്ദ്രാവിഷ്കൃതം)
ചിലവാക്കിയ തുക - 430.50 ലക്ഷം രൂപ.

പ്രവർത്തന വിശദാംശംങ്ങൾ

- ഹെക്ടറൊന്നിന് 17,500 രൂപ ധനസഹായ നിരക്കിൽ 1000 ഹെക്ടറിൽ 1-ാം വർഷ പ്രദർശനത്തോട്ടങ്ങൾ സ്ഥാപിച്ചു.
- 1,75,000 രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റി.
- 104 പമ്പ് സെറ്റുകളും 25 പവർ ടില്ലറുകളും വിതരണം ചെയ്തു.

(ബി) കേരശ്രീ (സംസ്ഥാനാവിഷ്കൃതം)
ചിലവാക്കിയ തുക - 1510.06 ലക്ഷം രൂപ.

<u>പ്രവർത്തന വിശദാംശംങ്ങൾ</u>

- 415 ക്ലസ്റ്ററുകൾ രൂപീകരിച്ച് 10375 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കി.
- 1859033 തെങ്ങുകൾക്ക് സംയോജിത വള പ്രയോഗം നടത്തി.
- 82973 രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചുമാറ്റി.
- കള നീക്കം ചെയ്യുന്ന 126 യന്ത്രങ്ങളും 10 റോക്കർ സ്പ്രേയറുകളും വിതരണം നടത്തിയിട്ടുണ്ട്.
- സസ്യ സംരക്ഷണ പ്രവർത്തനങ്ങൾ 1784122 തെങ്ങുകളിൽ നടപ്പിലാക്കി.

## 5) വർഷം 2010 – 2011

പദ്ധതി - (എ) നാളീകേര വികസന ബോർഡ് പദ്ധതി (കേന്ദ്രാവിഷ്കൃതം)
ചിലവാക്കിയ തുക - 227.44804 ലക്ഷം.

<u>പ്രവർത്തന വിശദാംശംങ്ങൾ</u>

- ഹെക്ടറൊന്നിന് 17,500 രൂപ ധനസഹായ നിരക്കിൽ 300 ഹെക്ടറിൽ ഒന്നാം വർഷ പ്രദർശന തോട്ടങ്ങൾ സ്ഥാപിച്ചു.
- ഹെക്ടറൊന്നിന് 17,500 രൂപ ധനസഹായ നിരക്കിൽ 1000 ഹെക്ടറിൽ 2-ാം വർഷ പ്രദർശനതോട്ടങ്ങളുടെ പരിചരണത്തിനായി ധനസഹായം നൽകി.

(ബി) കേരശ്രീ പദ്ധതി (കേന്ദ്രാവിഷ്കൃതം)
ചിലവാക്കിയ തുക - 2728.214 ലക്ഷം.

<u>പ്രവർത്തന വിശദാംശംങ്ങൾ</u>

- 10588 ഹെക്ടർ സ്ഥലത്ത് 423 കേരശ്രീ ഗ്രൂപ്പുകൾ രൂപീകരിച്ച് ഹെക്ടറിന് 17,500 രൂപ നിരക്കിൽ ഒന്നാം വർഷ പരിചരണം നടപ്പിലാക്കി.
- 2009-10 വർഷം സ്ഥാപിച്ച 415 ക്ലസ്റ്ററുകളുടെ 2-ാം വർഷ പരിചരണം നടത്തിയതിന് 7000 രൂപ നിരക്കിൽ ധനസഹായം നൽകി.
- നാളീകേരം അടിസ്ഥാനമാക്കിയുള്ള ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് 6 പ്രോജക്ടുകൾക്കായി 125 ലക്ഷം രൂപ നൽകി.

## III. ഹൈടെക്ക് കൃഷി

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ - കേരള മുഖാന്തിരം നടപ്പിലാക്കുന്ന ഹൈടെക് കൃഷി പദ്ധതി 2012-13 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിലാണ് പ്രഖ്യാപിച്ചത്.

## IV. കുട്ടനാട് - ഇടുക്കി പാക്കേജുകൾ

2006 - 11 കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി 2683.96 ലക്ഷം രൂപ കൃഷിവകുപ്പ് മുഖേന ചെലവഴിച്ചു. കാർഷിക യന്ത്ര വൽക്കരണം (കൊയ്ത്തുമെതി യന്ത്രങ്ങൾ, ട്രാക്ടർ, ട്രില്ലർ തുടങ്ങിയ കാർഷിക യന്ത്രങ്ങൾ ലഭ്യമാക്കി), തരിശുനില കൃഷി, നെൽപാടങ്ങളിൽ എള്ളുകൃഷി പ്രോത്സാഹനം, സീഡ് വില്ലേജ്

പദ്ധതി (വിത്തുൽപാദന, കർഷക പരിശീലന, വിത്ത് സംസ്കരണ - സംഭരണശാല നിർമ്മാണം) അഗ്രിക്ലിനിക്കുകൾ സജ്ജമാക്കൽ, തെങ്ങുകൾ വെട്ടിമാറ്റുന്നതിന് ധനസഹായം, പുറക്കാട് കരിമേഖലയിൽ കർഷകർക്കുള്ള ഉല്പാദന ബോണസ്, ഓണാട്ടുകര മേഖലയിൽ നെല്ല്-എള്ള് കൃഷി വികസനം, മണ്ണ് പരിശോധന, കർഷക പരിശീലനം, സെമിനാറുകൾ, വർക്കഷോപ്പുകൾ എന്നിവ സംഘടിപ്പിക്കൽ, താത്കാലിക വിത്ത് സംഭരണ ശാലകളുടെ നിർമ്മാണം എന്നിവയ്ക്കായി തുക വിനിയോഗിച്ചു.

ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി 2006-11 കാലയളവിൽ 65.27 ലക്ഷം രൂപ കൃഷി വകുപ്പുമുഖേന ചെലവഴിച്ചു.

കർഷകർക്കും, സ്വയംസഹായ സംഘങ്ങൾക്കും (കുടുംബശ്രീ, അയൽക്കൂട്ടം, സർക്കാർ ഇതര സംഘടനകൾ രൂപം നല്കിയ സ്വാശ്രയ സംഘങ്ങൾ) പരിശീലനം, ശാക്തീകരണം, എന്നിവയ്ക്കായി വിനിയോഗിച്ചു.

## V. വിള ഇൻഷ്വറൻസ്

ഭക്ഷ്യ സ്വയംപര്യാപ്തതയും കാർഷിക രംഗത്തെ വളർച്ചയും ലക്ഷ്യമിട്ട് 2006-11 കാലഘട്ടത്തിൽ സർക്കാർ നടപ്പിലാക്കിയ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയ്ക്കായി 5 കോടി രൂപ അനുവദിക്കുകയും അത്രയും തുക ചെലവഴിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിയിൽ 144186 കർഷകരെ ഉൾപ്പെടുത്തുകയും 122.24 ലക്ഷം രൂപ പ്രീമിയം ഇനത്തിൽ ശേഖരിക്കുകയും 214.5 ലക്ഷം രൂപ 8046 കർഷകർക്ക് ആനുകൂല്യമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

## VI. കൃഷിക്കാർക്കായുള്ള സൗജന്യ വൈദ്യുതി പദ്ധതി

| വർഷം | ചെലവഴിച്ച തുക ലക്ഷത്തിൽ |
|---|---|
| 2006 - 07 | 2000 |
| 2007 - 08 | 1993.61 |
| 2008 - 09 | 2000 |
| 2009 - 10 | 4092.38 |
| 2010 - 11 | 2420 |

## VII. കർഷക പെൻഷൻ

2009-11 കാലയളവിൽ കിസാൻ അഭിമാൻ പദ്ധതി പ്രകാരം നെൽകൃഷിക്കാർക്ക് മാത്രം 300/ രൂപ നിരക്കിൽ പ്രതിമാസ പെൻഷൻ നല്കിയിരുന്നു.

കിസാൻ അഭിമാൻ പദ്ധതി പ്രകാരം 2009-2010 കാലയളവിൽ 5 കോടി രൂപയും 2010-11 കാലയളവിൽ 3.58 കോടി രൂപയും, 2011-12 കാലയളവിൽ 12.08 കോടി രൂപയും 12320 കർഷകർക്ക് പെൻഷൻ നല്കാൻ ചിലവഴിച്ചു.

## VIII. നിറവ്, IX. വയനാട് പാക്കേജ്, X. വിള ആരോഗ്യപരിപാലന പദ്ധതി

2006-11 കാലയളവിൽ 'നിറവ്' പദ്ധതി നിലവിലുണ്ടായിരുന്നില്ല. 'നിറവ്' പദ്ധതി ആവിഷ്കരിച്ചത് 2012-13 ലാണ്. വയനാട് പാക്കേജ് പദ്ധതി 2012-13 സാമ്പത്തിക വർഷം മുതലാണ് നടപ്പിലാക്കിയത്. വിള ആരോഗ്യ പരിപാലന പദ്ധതി 2013 - 14 വർഷത്തിലാണ് ആരംഭിച്ചത്.

സെക്ഷൻ ഓഫീസർ

# അനുബന്ധം-II

കഴിഞ്ഞ സർക്കാർ പുതുതായി ആരംഭിച്ച പദ്ധതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു:-

1) ജൈവകൃഷിയും 'സേഫ്-റ്റു-ഈറ്റ്' ഭക്ഷ്യോല്പാദനവും:-

പ്രസ്തുത പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. കാസർഗോഡ് ജില്ലയിൽ മാത്രമായി നടപ്പിലാക്കിവന്നിരുന്ന ജൈവസർട്ടിഫിക്കേഷൻ പദ്ധതി എല്ലാ ജില്ലകളിലും നല്ല കാർഷിക മുറകൾ അടിസ്ഥാനപ്പെടുത്തിയുള്ള ജി എ പി സർട്ടിഫിക്കേഷൻ എന്ന രീതിയിൽ നടപ്പിലാക്കുന്നതാണ്. കൂടാതെ പുതിയ ജൈവ കർഷകരുടെ ക്ലസ്റ്റർ രൂപീകരണം, പുതിയ ബ്രാൻഡ്, ലോഗോ പ്രകാശനം നടത്തി അതിന്റെ കീഴിൽ ഉല്പന്ന വിപണനം എന്നിവയും നടപ്പിലാക്കുന്നതാണ്. ജി എ പി സർട്ടിഫിക്കേഷനുള്ള കേരളത്തിലെ കാർഷിക ഉല്പന്നങ്ങൾക്ക് "കേരള ഓർഗാനിക്" എന്ന പുതിയ ബ്രാൻഡും ആയതിന്റെ ലോഗോ പ്രകാശനവും സംസ്ഥാന സർക്കാർ നിർവ്വഹിച്ചു കഴിഞ്ഞിട്ടുണ്ട്.

2) അഗ്രോ സർവ്വീസ് സെന്ററും സേവനം നൽകലും :-

പ്രസ്തുത പദ്ധതിയ്ക്ക് 32 കോടി രൂപ നടപ്പ് സാമ്പത്തിക വർഷം ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. പുതിയ 20 അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിക്കൽ, നിലവിലുള്ളവയുടെ ശാക്തീകരണം ഇവയുടെ പ്രവർത്തനങ്ങളുടെ ഫലപ്രദമായ ഏകോപനത്തിന് സംസ്ഥാനതലത്തിൽ അപ്പെക്സ് ബോഡി രൂപീകരണം, അഗ്രോ മെഷിനറി സർവ്വീസ് സെന്ററുകളുടെ സ്ഥാപനം എന്നീ പുതിയ ഘടകങ്ങൾ ഉൾപ്പെടുത്തി പദ്ധതി നിർവ്വഹണം കൂടുതൽ മെച്ചപ്പെടുത്തുവാനുദ്ദേശിക്കുന്നു.

3) നീര സംസ്കരണം :-

നാളികേര ഉത്പാദക സംഘങ്ങൾക്ക് നീര സംസ്കരണത്തിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിനാണ് പദ്ധതി ആനുകൂല്യം നൽകിവന്നിരുന്നത്. ഇതോടൊപ്പം ഉത്പന്നങ്ങളുടെ പാക്കിംഗ് ട്രാൻസ്പോർട്ടേഷൻ, വിപണനം, ഉല്പന്ന പരസ്യം, നാളികേരോല്പന്നങ്ങളുടെ വില്പനയ്ക്ക് പ്രത്യേക ഔട്ട് ലെറ്റ് ആരംഭിക്കൽ എന്നിവയും പദ്ധതി രേഖയിലുൾപ്പെടുത്തുവാനുദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം-III

ഈ സർക്കാർ പുതുതായി തുടങ്ങുവാനുദ്ദേശിക്കുന്ന മറ്റ് പദ്ധതികളുടെ വിശദവിവരങ്ങൾ പുറകെ ചേർക്കുന്നു.

1) പ്രാദേശിക സവിശേഷതയുള്ള വിളകളുടെ വികസനം :-

ചെറുധാന്യങ്ങൾ, എള്ള്, നിലക്കടല, കരിമ്പ് തുടങ്ങിയ വിളകളുടെ കൃഷി പ്രത്യേക പ്രദേശങ്ങളിൽ മാത്രം കേന്ദ്രീകരിച്ചിരിക്കുന്നു. ഇവയുടെ കൃഷി വികസനത്തിനാണ് പദ്ധതിയിലൂന്നൽ നൽകുന്നത് ഇതിനായി ബജറ്റിൽ 3.30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

2) പഴവർഗ്ഗങ്ങൾ, പുഷ്പങ്ങൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം :-

പ്രസ്തുത പദ്ധതിക്കായി 6.75 കോടി രൂപയാണ് ബജറ്റ് വിഹിതം. തൃശ്ശൂർ ജില്ലയിൽ വാഴക്കൃഷിയുടെ ഒരു 'പ്രത്യേക കാർഷിക മേഖല' വി എഫ് പി സി കെ മുഖാന്തരം നടപ്പിലാക്കുന്നതാണ്. ഇടുക്കി, വയനാട് ജില്ലകളിൽ പുഷ്പകൃഷിയ്ക്കുള്ള പ്രത്യേക കാർഷിക മേഖല സ്ഥാപിക്കൽ, തിരുവനന്തപുരത്തെ ബയോടെക്നോളജി & മോഡൽ ഫ്ലോറികൾച്ചർ സെന്റർ ശാക്തീകരണം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ ഔഷധ സസ്യകൃഷിയ്ക്ക് പ്രോത്സാഹനം എന്നിവയും പദ്ധതിയുടെ ഘടകങ്ങളാണ്.

3) ജൈവവൈവിധ്യവും പ്രാദേശികമായി ജേംപ്ലാസം ശേഖരണവും ഇവയ്ക്കുള്ള പ്രോത്സാഹനവും :-

പ്രാദേശികവും പരമ്പരാഗതവുമായ എല്ലാ വിളകളുടെയും വിത്തിനങ്ങളുടെ ശേഖരണം, ഇവയുടെ സംരക്ഷണം, കൃഷി വ്യാപനം, ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു 'സീഡ് ബാങ്ക്' സ്ഥാപിക്കൽ എന്നിവ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുവാനുദ്ദേശിക്കുന്നു. ട്രൈബൽ മേഖലയ്ക്ക് പ്രത്യേക പ്രാധാന്യം നൽകിക്കൊണ്ട് ടി പ്രദേശങ്ങളിലെ പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണം, വർദ്ധനവ്, കൃഷി വ്യാപനം എന്നിവ നടപ്പിലാക്കുവാനുദ്ദേശിക്കുന്നു.

ആകെ 2.50 കോടി രൂപയാണ് ഈ പദ്ധതിയ്ക്കായി 2017-18 വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ